# നീര ഉൽപാദന പദ്ധതി അട്ടിമറിക്കാൻ ശ്രമം

## • നീര നിയമ ഭേദഗതിയിൽ മന്ത്രിസഭയുടെ അംഗീകാരം ഇല്ലാത്ത നിബന്ധനകൾ തിരുകിക്കയറ്റി

**മഹേഷ് ഗുപ്തൻ**

തിരുവനന്തപുരം • കേരളത്തിലെ ലക്ഷക്കണക്കിനു നാളികേര കർഷകരുടെ പ്രതീക്ഷയായ നീര ഉൽപാദന പദ്ധതി അട്ടിമറിക്കാൻ ഗൂഢശ്രമം. അബ്കാരി ലോബിയുടെ സമ്മർദത്തിനു വഴങ്ങി അഞ്ചു മാസത്തോളം പൂഴ്ത്തിവച്ച ശേഷം പുറത്തിറക്കിയ നീര നിയമ ഭേദഗതിയിൽ മന്ത്രിസഭയുടെ അംഗീകാരമില്ലാത്ത നിബന്ധനകൾ തിരുകിക്കയറ്റി. നിലവിലില്ലാത്ത സ്ഥാപനങ്ങൾക്കു നീര ചെത്താൻ അനുമതി നൽകാനുള്ള തീരുമാനവും കർഷകവിരുദ്ധം.

എക്സൈസ് വകുപ്പ് കഴിഞ്ഞ ദിവസം പുറത്തിറക്കിയ സ്വീറ്റ് ടോഡി റൂൾസിലാണു നീര പദ്ധതി അട്ടിമറിക്കാൻ ലക്ഷ്യമിട്ടുള്ള നിബന്ധനകൾ ഉൾപ്പെടുത്തിയത്. ഒരു കർഷകനു പരമാവധി 20 തെങ്ങുകളിൽ നിന്നു മാത്രമേ നീര ഉൽപാദിപ്പിക്കാനാവൂ എന്ന നിബന്ധന നേരത്തെ മന്ത്രിസഭ അംഗീകരിച്ച നിബന്ധനകളിൽ ഉണ്ടായിരുന്നില്ല. കർഷകരുടെ താൽപര്യത്തിനു വിരുദ്ധമായ ഈ നിബന്ധന ഉൾപ്പെടുത്തിയത് ആരുടെ നിർദേശപ്രകാരമാണെന്നു വ്യക്തമല്ല.

മന്ത്രിസഭയുടെ അംഗീകാരമില്ലാത്ത നിബന്ധനയ്ക്കു നിയമപരമായ നിലനിൽപ്പില്ല. ആരെങ്കിലും കോടതിയെ സമീപിച്ചാൽ അബ്കാരി ചട്ടഭേദഗതി റദ്ദാക്കപ്പെടാം. ഇതു നീര ഉൽപാദനം നിരോധിക്കപ്പെടുന്നതിനു തുല്യമാകും. പുതിയ നിബന്ധനയ്ക്കു പിന്നിൽ ഈ ലക്ഷ്യവുമുണ്ടെന്നു സംശയമുണ്ട്.

ഇപ്പോൾ നിലവിലില്ലാത്ത കോക്കനട്ട് ഡവലപ്മെന്റ് കോർപറേഷനും ശർക്കര നിർമാണ സംഘങ്ങൾക്കും നീര ചെത്താൻ അനുമതി നൽകിയതിലും ദുരൂഹതയുണ്ട്. സാമ്പത്തിക ബാധ്യതയെത്തുടർന്ന് 25 വർഷങ്ങൾക്കു മുൻപു സംസ്ഥാന സർക്കാർ പിരിച്ചുവിട്ട സ്ഥാപനമാണു കോക്കനട്ട് ഡവലപ്മെന്റ് കോർപറേഷൻ. ഇതിന്റെ ആസ്തിയും ബാധ്യതകളും പിന്നീടു കേരഫെഡിൽ ലയിപ്പിക്കുകയായിരുന്നു. മലബാറിലെ ചില ഭാഗങ്ങളിലുണ്ടായിരുന്ന ശർക്കര ഉൽപാദക സംഘങ്ങളുടെ പേരിൽ അനുമതി നൽകിയതു കേരകർഷക സംഘങ്ങൾക്കു പുറമെ സ്വകാര്യ വ്യക്തികൾക്കു കൂടി നീര ഉൽപാദനത്തിന് അനുമതി നേടിയെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. യുഡിഎഫിലെ ഒരു ഘടകകക്ഷിയുടെ സമ്മർദത്തിനു വഴങ്ങിയാണ് ഇതെന്നാണു സൂചന. നീര കള്ളല്ലെന്നു ചട്ടങ്ങളിൽ എക്സൈസ് വകുപ്പ് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും നീര ചെത്തുന്നവർ കള്ളുചെത്തു തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുക്കണമെന്ന നിബന്ധനയുടെ ഉദ്ദേശ്യവും വ്യക്തമല്ല.

മന്ത്രിസഭയുടെ അംഗീകാരത്തിനു പിന്നാലെ കഴിഞ്ഞ സെപ്റ്റംബർ 23നാണു സർക്കാർ നീര ഉൽപാദനത്തിന് അനുമതി നൽകി ഉത്തരവിറക്കിയത്. എന്നാൽ, അഞ്ചു മാസത്തോളമായിട്ടും എക്സൈസ് വകുപ്പ് അബ്കാരി ചട്ടങ്ങളിലെ ഭേദഗതി തയാറാക്കാതെ ഫയൽ മുക്കി. മന്ത്രിസഭാ തീരുമാനം നടപ്പാക്കാത്തതിനെതിരെ കോടതിയിൽ ഹർജി നൽകാനുള്ള കർഷക സംഘങ്ങളുടെ നീക്കത്തെത്തുടർന്നു നിയമഭേദഗതി അടിയന്തരമായി പുറത്തിറക്കാൻ മുഖ്യമന്ത്രി നേരിട്ടു നിർദേശം നൽകുകയായിരുന്നുവെന്നാണു സൂചന.